# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 102**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളികൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ പ്രിയരെ,

2023 ആഗസ്റ്റ് 29, സെപ്റ്റംബർ 1, 2 തീയതികളിൽ സഭാ പ്രതിനിധി മണ്ഡലവും ആഗസ്റ്റ് 30, 31 തീയതികളിൽ എപ്പിസ്കോപ്പൽ തെരഞ്ഞെടുപ്പിനായുള്ള മണ്ഡലവും നടത്തുന്നതിന് ക്രമീകരണം ചെയ്തിരിക്കുന്ന വിവരം ഇതിനോടകം അറിയിച്ചിട്ടുണ്ടല്ലോ.

സഭയുടെ അതിപ്രധാനമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് സമ്മേളിക്കുന്ന ഈ മണ്ഡലയോഗങ്ങളുടെ കാര്യക്ഷമവും അനുഗ്രഹകരവുമായ നടത്തിപ്പിനും സഭയുടെ കെട്ടുറപ്പിനും കാലോചിതമായ വളർച്ചയ്ക്കും ആത്മീയ ഉണർവ്വിനും എല്ലാവരുടെയും ആത്മാർത്ഥമായ പ്രാർത്ഥന ഏറ്റവും ആവശ്യമാണ്.

നമ്മുടെ എല്ലാ ഇടവകകളിലും പ്രാർത്ഥന യോഗങ്ങളിലും സംഘടനകളുടെ യോഗങ്ങളിലും മണ്ഡലയോഗങ്ങളെയും എപ്പിസ്കോപ്പൽ തെരഞ്ഞെടുപ്പിനെയും ഓർത്ത് പ്രാർത്ഥിക്കുന്നതിന് സമയം വേർതിരിക്കണം. താഴെപ്പറയുന്ന രണ്ടു ദിവസങ്ങൾ പള്ളിയിൽ വച്ച് പ്രത്യേക പ്രാർത്ഥന നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഇടവക വികാരിയുടെ നേതൃത്വത്തിൽ ചെയ്യണം.

(1) **2023 ആഗസ്റ്റ് 18 – ാം തീയതി വെള്ളിയാഴ്ച** എല്ലാ ഇടവകകളിലും പരമാവധി ഇടവകാംഗങ്ങൾ പള്ളിയിൽ എത്തി നിലവിലുള്ള വെള്ളിയാഴ്ച ഉപവാസ പ്രാർത്ഥനയിലോ പ്രത്യേക കൂട്ടായ്മയിലോ പങ്കെടുത്ത് ഈ വിഷയങ്ങളെ ഓർത്ത് പ്രാർത്ഥന നടത്തണം.

(2) **2023 ആഗസ്റ്റ് 20 – ാം തീയതി ഞായറാഴ്ച** ആരാധന മദ്ധ്യേ വചന ശുശ്രൂഷയ്ക്ക് ശേഷം പ്രാർത്ഥനയ്ക്കായി സമയം വേർതിരിക്കണം. രണ്ടോ മൂന്നോ അത്മായ അംഗങ്ങൾ ടി വിഷയങ്ങൾ ഓർത്ത് പ്രാർത്ഥിക്കണം.

ഭൂമിയിൽ വച്ച് രണ്ടു പേർ യാചിക്കുന്ന ഏതു കാര്യത്തിലും ഐകമത്യപ്പെട്ടാൽ അത് സ്വർഗ്ഗസ്ഥനായ പിതാവിങ്കൽ നിന്നു ലഭിക്കും എന്നും രണ്ടോ മൂന്നോ പേർ ദൈവീക നാമത്തിൽ കൂടിവരുന്നിടത്ത് ദൈവീക സാന്നിദ്ധ്യം ഉണ്ട് എന്നും തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവത്തിന് ഒരു കാര്യവും അസാദ്ധ്യമല്ല എന്ന വിശ്വാസത്തോടും ആത്മ സമർപ്പണത്തോടും കൂടി നമുക്ക് ദൈവ സന്നിധിയിൽ ചേർന്ന് വരാം.

കർത്താവ് യേശു മിശിഹായുടെ കൃപ നിങ്ങളേവരോടും കൂടെയിരിക്കുമാറാകട്ടെ.

ക്രിസ്താബ്ദം 2023 ആഗസ്റ്റ് 1–ാം തീയതി തിരുവല്ല പൂലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 102**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Beloved in Christ,

It has already been informed that the annual Sabha Prathinidhi Mandalam has been arranged to be held on August 29th, September 1st and 2nd, 2023, and the Mandalam for Episcopal Election has been arranged to be held on August 30th and 31st, 2023.

The sincere prayers of all are required for the effective and blessed conduct of these Mandalam meetings, which are conducted to take the most important decisions of the Church, and for the unity, timely growth, and spiritual awakening of the Church.

In all our parishes, prayer meetings, and meetings of the organizations, time should be set apart to pray for the Mandalam meetings and Episcopal elections. Necessary arrangements should be made under the direction of the Parish Vicar for holding special prayers in our parishes on the following two days:

(1) **Friday, 18th August 2023:** All parish members, as much as possible, must come to the church and participate in the regular Friday fasting prayer meetings or special prayer meetings, and pray for the above-mentioned prayer points.

(2) **Sunday, 20th August 2023:** Time for prayer must be set apart after the sermon during the worship service. Two or three lay members must lead in the prayer for these concerns.

The Scripture reminds us that if two people on earth agree about anything they ask for, it will be done for them by the Heavenly Father, and also that wherever two or three people gather in God's name, the presence of God will be there. Let us gather in God's presence with dedication and faith that nothing is impossible for God.

The grace of our Lord Jesus Christ be with you all.

Dated 01st August 2023, from Poolatheen, Thiruvalla,

**Dr. Theodosius Mar Thoma Metropolitan**